# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 850** — **28.04.2017-ൽ മറുപടിക്ക്**

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡ്

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ്**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി**

(എ) പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എ) കെ.എസ്.ടി.പി - രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട പിലാത്തറ - പാപ്പിനിശ്ശേരി റോഡിന്റെ (20.9കി.മീറ്റർ) 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. താവം റെയിൽവേ മേൽപ്പാലം, രാമപുരം പാലത്തിന്റെ അപ്രോച്ച്, പാപ്പിനിശ്ശേരി റെയിൽവെ മേൽപ്പാലത്തിന്റെ ഉൾപ്പെടെ 5 കി.മീറ്റർ ടാറിംഗും ഒഴിച്ചുള്ള റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള അവസാനഘട്ട പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. എല്ലാ പ്രവൃത്തികളും ഉൾപ്പെടെ പിലാത്തറ – പാപ്പിനിശ്ശേരി റോഡ് ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷ.

(ബി) പ്രസ്തുത റോഡിലെ ബലക്ഷയം സംഭവിച്ചുകൊണ്ടിരിക്കുന്ന പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പിലാത്തറ – പാപ്പിനിശ്ശേരി റോഡിലെ പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്ന പ്രവൃത്തി പിലാത്തറ – പാപ്പിനിശ്ശേരി റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയാൽ പദ്ധതി നിശ്ചിത സമയ പരിധിക്കുള്ളിൽ തീർക്കുന്നതിന് സാധിക്കുകയില്ല. അതുകൊണ്ട് പഴയങ്ങാടി പാലത്തിന്റെ ബലപ്പെടുത്തൽ പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗം നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) പ്രസ്തുത റോഡിലെ കണ്ണപുരം പാലം വീതി കൂട്ടുന്നതിന് പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) നിലവിൽ പുരോഗമിച്ചു വരുന്ന പ്രവൃത്തിയുടെ കാലാവധിക്കുള്ളിൽ തീർക്കുവാൻ സാധിക്കാത്തതിനാൽ കണ്ണപുരം പാലം വീതി കൂട്ടുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ടിപി. സമർപ്പിച്ചിട്ടില്ല. പ്രത്യേകം വീതി കൂട്ടുന്നതിനുള്ള നിർദ്ദേശം ഉടനെ സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

S. Bindu

സെക്ഷൻ ഓഫീസർ